# തോണക്കര കുടുംബചരിത്രം

## 2008

പ്രസാധനം

തോണക്കര കുടുംബയോഗം
കോട്ടയം മേഖല

## എഡിറ്റോറിയൽ ബോർഡ്

ശ്രീ. റ്റി.ജെ അബ്രാഹം

ശ്രീ. റ്റി.എൽ. ജോസ്

ശ്രീ. റ്റി.എ. അപ്പച്ചൻ

ശ്രീ. റ്റി.വി. ജോർജ്ജ്

ശ്രീ. റ്റി.ഒ. ജോസഫ്

ശ്രീ. അലോഷ്യസ് അബ്രാഹം

ശ്രീ. ജോസ് റ്റി. ജോൺ

സി. ഡോമിനിക് SABS

# കോട്ടയം മേഖല ഭരണ സമിതി

**രക്ഷാധികാരികൾ**

റവ. ഫാ. ലൂക്കോസ് തോണക്കരപ്പാറ CMI
റവ. ഫാ. അബ്രാഹം തോണക്കര
റവ. ഫാ. ജോർജ്ജ് തോണക്കര CMI
റവ. ഫാ. ജോസഫ് തോണക്കരപ്പാറ

**പ്രസിഡന്റ്**

ശ്രീ. റ്റി.ജെ അബ്രാഹം

**വൈസ് പ്രസിഡന്റ്**

ശ്രീ. റ്റി.എൽ. ജോസ്

**സെക്രട്ടറി**

ശ്രീ. റ്റി.എ. അപ്പച്ചൻ

**ട്രഷറർ**

ശ്രീ. അലോഷ്യസ് അബ്രാഹം

**കമ്മിറ്റിയംഗങ്ങൾ**

ശ്രീ. റ്റി.വി. ജോർജ്ജ്
ശ്രീ. റ്റി.ഒ. ജോസഫ്
ശ്രീ. ജോസ് റ്റി. ജോൺ



# തോണക്കര കുടുംബയോഗം ഒരു എത്തിനോട്ടം



നൂറ്റാണ്ടുകൾ പഴക്കവും പാരമ്പര്യവുമുള്ള ഒരു കുടുംബത്തിന്റെ പുരാവൃത്ത പരിശോധന ക്ഷിപ്രസാദ്ധ്യമായ ഒന്നല്ല. എങ്കിലും കിട്ടാവുന്ന രേഖകളുടെയും കേട്ടുകേൾവിയുടെയും അടിസ്ഥാനത്തിലുള്ള ചരിത്ര പരാമർശങ്ങൾ ഒരു പരിധിവരെ ആധുനികർക്ക് വിശ്വസിക്കാതിരിക്കാൻ സാധ്യമല്ല.ഈയൊരു പശ്ചാത്തലത്തിൽ നിന്നുകൊണ്ട് തോണക്കര കുടുംബത്തിന്റെ സംക്ഷിപ്ത ചരിത്രം അംഗങ്ങളുടെ മുമ്പിൽ അനാവരണം ചെയ്യാൻ ഞങ്ങൾ ഒരുങ്ങുകയാണ്. ഇതിലുള്ള തെറ്റുകുറ്റങ്ങൾ ക്ഷമിച്ച് സൃഷ്ടിപരമായ വിമർശനങ്ങളിലൂടെയും പരാമർശങ്ങളിലൂടെയും ഞങ്ങളെ അനുഗ്രഹിക്കണമെന്ന് അപേക്ഷിക്കുന്നു..

ഏതാണ്ട് 500 ഓളം വീട്ടുകാർ, ഭൂരിഭാഗവും ഒരേ വീട്ടുപേരിൽത്തന്നെ അറിയപ്പെടുന്ന ഒരു കൂട്ടുകുടുംബമാണ് തോണക്കരകുടുംബം. ഈ പേരിന്റെ ഉദ്ഭവത്തെക്കുറിച്ച് കൗതുകകരമായ ഒരു ചരിത്രമുണ്ട്. ഇന്ന് കാണപ്പെടുന്ന തോണക്കരപ്പാടം പണ്ട് തോണിയുടെ ആകൃതിയിൽ ആയിരുന്നു എന്നും ആയതിന്റെ കരയ്ക്ക് താമസം ആരംഭിച്ചതിനാൽ തോണിക്കര എന്നും കാലന്തരത്തിൽ പരാമർശഭേദത്താൽ തോണക്കര എന്നും ആയതായി പൂർവ്വികരിൽനിന്നും മനസ്സിലാക്കുന്നു.

കുടുംബാംഗങ്ങളെ ഒരു കുടക്കീഴിൽ ഏകോദരസഹോദരങ്ങളെപ്പോലെ ജീവിക്കാൻ പര്യാപ്തരാക്കുകയാണ് കുടുംബയോഗത്തിന്റെ ലക്ഷ്യം. പണ്ടുകാലം മുതൽ ഇത്തരം കുടുംബയോഗങ്ങൾ ഇന്നത്തെനിലയിലല്ലെങ്കിൽപോലും നിലനിന്നിരുന്നു എന്നതിന് തെളിവുകളുണ്ട്. കൊഴുവനാൽ അങ്ങാടിക്കപ്പേളയിൽ ജൂബിലി തിരുനാളിനോടനുബന്ധിച്ച് തിരുനാളിന്റെ തലേദിവസത്തെ തിരുനാൾ കുർബാന ഇന്നും തോണക്കര കുടുംബത്തിന്റേതായി നടന്നു വരുന്നു. ഈ പരിപാടിയ്ക്ക് തോണക്കര കുടുംബത്തിന്റെ ഉൽപ്പത്തിയോളം തന്നെ പഴക്കമുണ്ട്. കുടുംബയോഗങ്ങളിൽ നിന്ന് പിരിഞ്ഞുകിട്ടിയിരുന്ന തുക മരിച്ചുപോയ ആത്മാക്കൾക്ക് നിത്യശാന്തിക്കാധാരമായ കുർബ്ബാനയും ഒപ്പീസും നടത്തുന്നതിനാണ് ഉപയോഗിച്ചിരുന്നത്.

ഒരു നിശ്ചിത തുക വരിസംഖ്യയായി പണ്ട് ഈ ഇനത്തിൽ പിരിച്ചിരുന്നു.

കൊഴുവനാൽ തോണക്കര കുടുംബയോഗം മന്ദീഭവിച്ചിരുന്ന കാലത്ത് മലബാർ ഭാഗത്തുള്ള കുടുംബാംഗങ്ങൾ ഒന്നിച്ചുകൂടാൻ തുടങ്ങി. 1994 ൽ കണ്ണൂരിലുള്ള ശ്രീ. റ്റി.എം.സെബാസ്റ്റ്യന്റെ വീട്ടിൽ(ദേവസ്യാച്ചൻ) ജോസഫ് തോണക്കര മാമ്പുഴയ്ക്കലച്ചന്റെ നേതൃത്വത്തിൽ ആദ്യമായി ഒത്തുചേർന്നു. പിന്നീട് തുടർന്നുള്ള വർഷങ്ങളിൽ അച്ചന്റെ നേതൃത്വത്തിൽ കൂടുതൽ വിപുലമായ യോഗങ്ങൾ കൂടുകയുണ്ടായി. ഇതിന്റെ ഫലമായി 1995 ൽ കണ്ണൂർ കോഴിക്കോട് മേഖലകളെ ബന്ധിപ്പിച്ച് കുന്നോത്ത് പരേതനായ പ്രൊഫ.എമ്മാനുവലിന്റെ വീട്ടിലും 1996 ൽ കോട്ടയം, ഇടുക്കി മേഖലകളെ കൂടി ഉൾപ്പെടുത്തി ചക്കിട്ടപ്പാറയിലുള്ള മത്തായി തോണക്കരയുടെ വീട്ടിൽ ഒരു വലിയ സംസ്ഥാനസമ്മേളനവും കൂടുകയുണ്ടായി. ഈ സമ്മേളനം കുടുംബാംഗങ്ങൾക്ക് കൂടിച്ചേരലിന്റെ ആവശ്യകതയും സന്തോഷവും പ്രദാനം ചെയ്തതിനു പുറമെ പ്രവർത്തനങ്ങൾക്ക് കൂടുതൽ ഉത്തേജനവും ഊർജ്ജസ്വലതയും പകർന്നു നൽകുകയുണ്ടായി എന്ന കാര്യം പ്രത്യേകം പ്രസ്താവയോഗ്യമാണ്. ഇതോടെയാണ് കൊഴുവനാൽ കുടുംബയോഗത്തിന് കൂടുതൽ പ്രസക്തിയുണ്ടായത്. തോണക്കര കുടുംബയോഗത്തിലെ എല്ലാ വൈദികരും കുടുംബയോഗത്തിന്റെ രക്ഷാധികാരികളായിരിക്കേണ്ടതും ഏതെങ്കിലും കുടുംബാംഗത്തിന്റെ വീട്ടിൽ വച്ചു മാത്രമേ യോഗങ്ങൾ കൂടാവു എന്നും അക്കാലത്ത് നിശ്ചയിക്കുകയുണ്ടായി.

1997 ലെ സമ്മേളനം കൊഴുവനാലിൽ പരേതനായ തോണക്കരപ്പാറ കുഞ്ഞുമാത്തുവിന്റെ വീട്ടിൽ വച്ചു വിപുലമായിതന്നെ നടത്തുവാൻ മക്കൾ ആഗ്രഹം പ്രകടിപ്പിച്ചതനുസരിച്ച് കുടുംബമൂലസ്ഥാനമായ കൊഴുവനാൽ വച്ചുതന്നെ 4-ാം സംസ്ഥാന സമ്മേളനം നടക്കുകയുണ്ടായി. ഇങ്ങനെ സംസ്ഥാന സമ്മേളനങ്ങൾ നടത്തുമ്പോൾ പോലും ഏതാണ്ട് മുന്നിലൊന്ന് കുടുംബങ്ങളുമായി മാത്രമേ ബന്ധപ്പെടുവാൻ സാധിച്ചിട്ടുള്ളൂ എന്ന ദുഃഖസത്യം അവശേഷിക്കുന്നു. ഇതിനു കാരണം പ്രസ്തുത കുടുംബങ്ങളെ സംബന്ധിച്ച് വ്യക്തമായ അറിവോ ധാരണയോ ഇല്ലായിരുന്നു എന്നതാണ്.

V-ാം സംസ്ഥാനസമ്മേളനം 1998 ൽ കട്ടപ്പനയിലുള്ള (ഇടുക്കി ജില്ല) തോവാള എന്ന സ്ഥലത്ത് തോണക്കര പൗലോസ് പൗലോസിന്റെ വീട്ടിൽ വച്ചു നടന്നു. VI-ാം സംസ്ഥാന സമ്മേളനം കുടുംബയോഗങ്ങൾക്ക് നേതൃത്വം കൊടുത്തിരുന്ന ജോസഫ് തോണക്കര മാമ്പുഴയ്ക്കലച്ചന്റെ അനുജന്റെ വസതിയിൽ വച്ച് നടത്തുവാൻ അച്ചൻ ആഗ്രഹം പ്രകടിപ്പിക്കുകയും അപ്രകാരം മലബാറിൽ വെറ്റിലപ്പാറയിലുള്ള കുഞ്ഞുമോന്റെ (മാത്യു) വീട്ടിൽ വച്ച് 1999-



ൽ കൂടുകയുമുണ്ടായി. VII-ാം സംസ്ഥാനസമ്മേളനം കോട്ടയം മേഖലയിൽ മൂവാറ്റുപുഴയിൽ വാഴക്കുളം ഭാഗത്ത് കല്ലൂർക്കാട്ട് താമസിക്കുന്ന തോണക്കരപ്പാറ റ്റി.എം. കുര്യാക്കോസിന്റെ വസതിയിലായിരുന്നു. പ്രസ്തുതയോഗത്തിൽവച്ച് അതിപ്രധാനമായ ചില തീരുമാനങ്ങൾ കൈക്കൊള്ളുകയുണ്ടായി. കുടുംബങ്ങളെ സംസ്ഥാനതലത്തിൽ 4 മേഖലകളായി തിരിച്ച് ചെറുയോഗങ്ങൾ നടത്തുവാൻ ധാരണയായി. അതിൻപ്രകാരം 1) കണ്ണൂർ മേഖല 2)മലപ്പുറം മേഖല 3)ഇടുക്കി മേഖല 4)കോട്ടയം മേഖല (തിരുവിതാംകൂർ) എന്നിങ്ങനെ തിരിച്ചു. തുടർന്ന് VIII - ാംസംസ്ഥാന സമ്മേളനം 2002 ൽ വാലില്ലാപ്പുഴയിൽ തോണക്കര തെക്കേക്കുന്നേൽ ഔതയുടെ വീട്ടിൽ വച്ചും 2003 ൽ IX - ാംസംസ്ഥാന സമ്മേളനം എടൂർ ജോർജ്ജ് തോണക്കരയുടെ വീട്ടിൽ വച്ചും കൂടുകയുണ്ടായി. തുടർന്ന് സംസ്ഥാന സമ്മേളനങ്ങളൊന്നും ചേരുകയുണ്ടായില്ല. VII - ാംസംസ്ഥാന സമ്മേളനത്തിൽ വച്ച് കോട്ടയം മേഖലയുടെ പ്രവർത്തനം സജീവമാക്കുന്നതിന് ജോസഫ് മാമ്പുഴയ്ക്കലച്ചൻ റ്റി.ജെ എബ്രാഹം സാറിനെ കൺവീനറായും ശ്രീ. തോമസ് അലോഷ്യസ്, ശ്രീ. ആന്റണി മാത്യു എന്നിവരെ സഹായികളായും നിശ്ചയിച്ചു. തുടർന്നു നടന്ന ആദ്യ ലോക്കൽ യോഗത്തിൽ 2 പേരേക്കൂടി ഉൾപ്പെടുത്തി 5 അംഗകമ്മറ്റിയായി വിപുലപ്പെടുത്തുകയും ചെയ്തു.പിന്നീട് ബഹുമാനപ്പെട്ട തോമസച്ചന്റെ നേതൃത്വത്തിൽ ലോക്കൽ സമ്മേളനം നല്ല രീതിയിൽ പ്രവർത്തിക്കുന്നതിന് 6 അംഗങ്ങളെക്കൂടി ഉൾപ്പെടുത്തി അംഗസംഖ്യ11 ആക്കി. കമ്മറ്റി അംഗങ്ങൾ:-

1. ശ്രീ. റ്റി.ജെ. എബ്രാഹം തോണക്കര

2. ശ്രീ. തോമസ് അലോഷ്യസ് തോണക്കര

3. ശ്രീ. ആന്റണി മാത്യു തോണക്കരപ്പാറ

4. ശ്രീ. റ്റി.സി.ലൂക്കോസ് തോണക്കര, കൂരോപ്പട

5. ശ്രീ. റ്റി.എം.ജോൺ തോണക്കരപ്പാറ

6 ശ്രീ. തങ്കച്ചൻ ആന്റണി തോണക്കര, മൂഴൂർ

7. ശ്രീ. സഖറിയാസ് ജോസഫ് തോണക്കര, കുഴിഞ്ഞമല

8. ശ്രീ. തങ്കച്ചൻ തോണക്കര, മലമറ്റം

9. ശ്രീ. വിത്സൺ തോണക്കരപ്പാറ

10. ശ്രീ. ബേബി തോണക്കര, വട്ടമറ്റം

11. ശ്രീ. ജോസ്.റ്റി.ജെ.തോണക്കര

തോമസ് തോണക്കരയച്ചന്റെ നേതൃത്വത്തിൽ സമ്മേളിച്ച കമ്മറ്റി ശ്രീ. ആന്റണി മാത്യുവിനെ പ്രസിഡന്റായും, ശ്രീ. റ്റി.ജെ അബ്രഹാമിനെ സെക്രട്ടറിയായും ശ്രീ. തോമസ് അലോഷ്യസിനെ ഖജാൻജിയായും തെര ഞ്ഞെടുത്തു. പിന്നീട് നടന്ന പൊതുയോഗത്തിൽ ഒരു ചരിത്രപുസ്തകത്തെ പ്പറ്റി ചിന്തിക്കുകയും അടുത്ത യോഗത്തിൽ നക്കൽ അവതരിപ്പിക്കാൻ കമ്മറ്റി രൂപീകരിക്കുകയും ശ്രീ. റ്റി.ജെ എബ്രാഹം, ശ്രീ. ജോസ് റ്റി.ജോൺ, ശ്രീ. റ്റി. വി.ജോർജ്ജ്, ശ്രീ. തോമസ് അലോഷ്യസ്, സി. ഡൊമിനിക് എന്നിവരെ കമ്മറ്റി അംഗങ്ങളായി തെരഞ്ഞെടുക്കുകയും ചെയ്തു. ബഹുമാനപ്പെട്ട റവ.ഫാ.ജോ സഫ് തോണക്കര മാമ്പുഴയ്ക്കൽ ഇതിനോടകം ഏതാണ്ട് 175 ൽ പരം കുടും ബങ്ങളെക്കുറിച്ച് രേഖപ്പെടുത്തിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ പ്രസ്തുത കമ്മറ്റി ചരിത്രം പഠിച്ച് പൂർവ്വപിതാക്കന്മാരുടെ പേരു വിവരങ്ങൾ ഒരു ചാർട്ട് രൂപത്തിലാക്കുകയും ബന്ധങ്ങളുടെ ഒരു കണ്ണി രൂപപ്പെടുത്തി എടുക്കുകയും ചെയ്തു. തോണക്കരപ്പാറ ജോണിന്റെ വീട്ടിൽ വച്ചുകൂടിയ യോഗത്തിൽ ഈ നക്കൽ വിഷയങ്ങൾ കാര്യമായ ചർച്ചകൾക്ക് വിഷയമാ യെങ്കിലും തുടർന്ന് യാതൊരു പ്രവർത്തനവും ഇതു സംബന്ധമായുണ്ടായി ല്ല.

2000-ൽ കോട്ടയം മേഖലയുടെ പ്രവർത്തന ചെലവിലേയ്ക്കായി ഒരു ഫണ്ട് സ്വരൂപിക്കാനും 10-ാം ക്ലാസ്സിൽ കൂടുതൽ മാർക്കു വാങ്ങുന്ന കുട്ടി കൾക്ക് സ്ക്കോളർഷിപ്പു നല്കാനും തീരുമാനിച്ചു. സ്ക്കോളർഷിപ്പു വിത രണം ഇന്നും നടന്നു പോരുന്നു.

കോട്ടയം മേഖലയുടെ പ്രവർത്തനം കൂടുതൽ സജീവമാക്കുന്നതിനു വേണ്ടി 2007 ഏപ്രിൽ 15 ന് മൂഴൂർ തോണക്കര ശ്രീ. റ്റി.വി. ആന്റണിയുടെ വീട്ടിൽ കൂടിയ യോഗത്തിൽവച്ച് ഒരു പുതിയ ഭരണസമിതിയെ തെരഞ്ഞെ ടുത്തു. ശ്രീ. റ്റി.ജെ എബ്രാഹമിനെ പ്രസിഡന്റായും ശ്രീ. റ്റി.എൽ ജോസിനെ വൈസ് പ്രസിഡന്റായും ശ്രീ. റ്റി.എ. അപ്പച്ചനെ സെക്രട്ടറിയായും ശ്രീ. തോമസ് അലോഷ്യസിനെ ഖജാൻജിയായും ശ്രീ. റ്റി.വി.ജോർജ്ജ്, ശ്രീ. ജോസ്.റ്റി.ജോൺ, ശ്രീ. റ്റി.ഒ.ജോസഫ് എന്നിവരെ കമ്മറ്റി അംഗങ്ങ ളായും തെരഞ്ഞെടുത്തു. ഈ ഭരണസമിതി കൂടിയാലോചിച്ച് താഴെപ്പറയുന്ന തീരുമാനങ്ങൾ നടപ്പിലാക്കി.

1.രഹസ്യപിരിവിനു പകരം വാർഷികഫീസ് ഈടാക്കുക.



2.കുടുംബയോഗപ്രാർത്ഥനാ പുസ്തകം അച്ചടിച്ച് പ്രസിദ്ധീകരിക്കുക.

3.കുടുംബയോഗങ്ങളിൽ പരമാവധി ആളുകളെ പങ്കെടുപ്പിക്കുവാൻ വേണ്ട ക്രമീകരണങ്ങൾ ചെയ്യുക.

4.ഓണം, ക്രിസ്തുമസ്, വേനൽ അവധിക്കാലങ്ങളിൽ കുടുംബയോ ഗങ്ങൾ നടത്തുക, ഡിസംബറിലേത് വാർഷിക പൊതുയോഗമാക്കുക.

5.ചരിത്ര പുസ്തകത്തിന് മുന്നോടിയായുള്ളനക്കൽ അവതരണം ഡിസംബറിലെ വാർഷികത്തിൽ അവതരിപ്പിച്ച് ചർച്ചാവിധേയമാക്കുക.

6.2008 മെയ്മാസത്തിനു മുമ്പ് പുസ്തകപ്രകാശനം നടത്തുക.

ഈ പുസ്ക അവതരണത്തോടുകൂടി പുതിയ ഭരണസമിതിയുടെ 6 തീരുമാനങ്ങളും നടപ്പിലാക്കിയ വിവരം സന്തോഷപൂർവ്വം ഏവരേയും അറി യിക്കട്ടെ.

ഈ ഭരണ സമിതിയുടെ ആദ്യയോഗം പ്രസിഡന്റ് റ്റി.ജെ. അബ്രാഹ മിന്റെ വസതിയിൽ വച്ച് 2-8-2007 ൽ 85 ഓളം അംഗങ്ങളുടെ സാന്നിദ്ധ്യത്തിൽ നടത്തപ്പെട്ടു. 2007 ലെ വാർഷിക സമ്മേളനം ഡിസംബർ 30 ന് കോട്ടയം വട വാതൂർ ശ്രീ. റ്റി.ജെ ഫിലിപ്പിന്റെ വസതിയിൽ ഏതാണ്ട് 145 ഓളം ആളുക ളുടെ സാന്നിദ്ധ്യത്തിൽ നടത്തപ്പെടുകയും ചരിത്രസംബന്ധമായ നക്കൽ അവ തരിപ്പിച്ച് ചർച്ചചെയ്യുകയുമുണ്ടായി.

2007 ൽ നമ്മുടെ കുടുംബത്തിൽ വേദനാജനകമായ രണ്ട് വേർപാടു കളുണ്ടായി. നമ്മുടെ രക്ഷാധികാരികളായ റവ.ഫാ.ജോസഫ് തോണക്കര മാമ്പുഴയ്ക്കൽ 2007 മെയ്മാസം 8-ാം തീയതിയും തോമസ് തോണക്കരയച്ചൻ 2007 ആഗസ്റ്റ് 25-ാം തീയതിയും നമ്മിൽ നിന്നും വേർപിരിഞ്ഞ് നിത്യതയിൽ വിലയംപ്രാപിച്ചത് നമ്മുടെയെല്ലാം ദുഃഖത്തിന് താങ്ങാവുന്നതിലും മേലെ യായിരുന്നു. കുടുംബയോഗങ്ങളുടെ സുഗമമായ നടത്തിപ്പിനും അംഗങ്ങളുടെ ഐശ്വര്യത്തിനും അഭിവൃദ്ധിക്കും മാർഗ്ഗനിർദ്ദേശം ചെലുത്തുകയും മാർഗ്ഗ ദീപമായി പരിലസിക്കുകയും ചെയ്ത ബഹുമാനപ്പെട്ട അച്ചൻമാരുടെ സേവ നത്തെ നന്ദിപൂർവ്വം ഈയവസരത്തിൽ സ്മരിക്കുന്നു.

തോണക്കര കുടുംബയോഗങ്ങൾ ഇന്നത്തെ നിലയിലെത്തിച്ചത് ബഹു മാനപ്പെട്ട റവ.ഫാ.ജോസഫ് തോണക്കര മാമ്പുഴയ്ക്കലാണെന്നതിൽ ആർക്കും സംശയമില്ല. തോണക്കര കുടുംബത്തിലെ ഏറിയപങ്ക് വീടുകൾ സന്ദർശിക്കുകയും ആവശ്യമായ വിവരങ്ങൾ ശേഖരിച്ചുവയ്ക്കുകയും ചെയ്ത തുകൊണ്ടാണ് യഥാർത്ഥ കുടുംബ ചരിത്രം പ്രസിദ്ധീകരിക്കുവാൻ ഇന്ന്

നമുക്ക് സാധിച്ചത്. അച്ചന്റെ സ്മരണയുടെ ഒന്നാംവാർഷികത്തിനു മുമ്പായി തന്നെ അദ്ദേഹത്തിന്റെ ഏറ്റവും വലിയ ആഗ്രഹമായിരുന്ന ചരിത്ര പുസ്തകം പ്രസിദ്ധീകരിക്കുവാൻ സാധിച്ചത് അച്ചനോടുള്ള കുടുംബാംഗങ്ങളുടെ ആദരവായിത്തീരട്ടെ എന്നാശംസിക്കുന്നു.

ബഹു. തോമസ് അച്ചനെക്കുറിച്ച് പറയുമ്പോൾ തോണക്കര കുടുംബത്തിലെ കൊഴുവനാൽ ഭാഗത്ത് താമസിക്കുന്ന എല്ലാ അംഗങ്ങൾക്കും അദ്ദേഹത്തിൽ നിന്ന് വ്യക്തിപരമായി ധാരാളം നന്മകൾ സ്വീകരിക്കാൻ സാധിച്ചിട്ടുണ്ട്. വലിയ സാമൂഹ്യപ്രവർത്തകരായിരുന്ന ഈ വൈദികരോടുള്ള എല്ലാവിധ കടപ്പാടുകൾക്കും മുമ്പിൽ ഒരു മലർപുഷ്പമായി ഈ ചരിത്രപുസ്കതകം സമർപ്പിക്കുന്നു.

എന്ന്,

ഭരണസമിതിക്കുവേണ്ടി,

സെക്രട്ടറി

റ്റി.എ. അപ്പച്ചൻ



# ആമുഖം



ആധുനികലോകത്തിൽ കുടുംബമൂല്യങ്ങൾക്ക് ശോഷണം സംഭവിച്ചുകൊണ്ടിരിക്കുന്നു. ഈ കമ്പ്യൂട്ടർ യുഗത്തിൽ കുടുംബങ്ങളുടെ മഹത്വം വിളിച്ചോതുന്ന ഈ ഗ്രന്ഥം ഏതാണ്ട് അഞ്ഞൂറോളം കുടംബങ്ങളുടെ കഥയാണ്. കേരളത്തിന്റെയും ഇൻഡ്യയുടെയും അല്ല ലോകത്തിന്റെ വിവിധ മേഖലകളിൽ ചിന്നിച്ചിതറിക്കിടക്കുന്ന, വടവൃക്ഷം പോലെ പടർന്നു പന്തലിച്ചു കിടക്കുന്നതാണ് തോണക്കര കുടുംബം. ഒറ്റ വീട്ടുപേരിൽ അറിയപ്പെടുന്ന കുടുംബബന്ധങ്ങളുടെ പഴമയിലേയ്ക്ക് വെളിച്ചം വീശുന്ന ഈ ഗ്രന്ഥം ഒരു അമൂല്യ നിധിയാണ്, അഭിമാനമാണ്. പരസ്പരം ബന്ധങ്ങൾ അറിയാതെ ഒറ്റ വീട്ടുപേരിൽ അറിയപ്പെടുന്ന തോണക്കരകുടുംബത്തിലെ അംഗങ്ങൾക്ക് ഈ ഗ്രന്ഥം മാർഗ്ഗ ദർശിയായിരിക്കും എന്നതിൽ സംശയമില്ല.

നമ്മുടെ പൂർവ്വപിതാക്കന്മാരുടെ ആദ്യകാലചരിത്രത്തിന്റെ വിലപ്പെട്ട വിവരങ്ങൾ നമുക്ക് ലഭിച്ചത് പരേതരായ ഐപ്പ് വർക്കി (വർക്കി സാർ) തെക്കേതോണക്കരയുടെയും കുഞ്ഞവിരാച്ചൻ തെക്കേതോണക്കരയുടെയും ഡയറിക്കുറിപ്പുകൾ വഴിയായിരുന്നു. ടി ഡയറി കുറിപ്പുകളുടെ സഹായത്തോടെ ജോസഫ് തോണക്കര മാമ്പുഴയ്ക്കലച്ചന്റെ കഠിനമായ അദ്ധ്വാനത്താൽ വീടുകൾ കയറിയിറങ്ങി കൃത്യമായ തലമുറ വിവരണവും അവരെക്കുറിച്ചുള്ള ചരിത്രവിവരങ്ങളും തയ്യാറാക്കിയതാണ് ഇന്നുള്ള ഈ കുടുംബചരിത്രം എഴുതാൻ നമുക്ക് സഹായകമായത്. ഇക്കാര്യങ്ങൾ കൃത്യമായി ഡി.റ്റി.പി. വർക്കു ചെയ്തു സൂക്ഷിച്ചത് സി.ഡൊമിനിക്കിന്റെ നേതൃത്വത്തിലാണ്.

2007 മെയ് മാസം ബഹുമാനപ്പെട്ട ജോസഫ് മാമ്പുഴക്കൽ അച്ചന്റെ ദേഹവിയോഗം തോണക്കര കുടുംബത്തിന് തീരാനഷ്ടമാണെങ്കിലും അദ്ദേഹത്തിന്റെ, കുടുംബചരിത്രത്തിന് വേണ്ടിയുള്ള പരിശ്രമം അതിന്റെ പൂർണ്ണതയിൽ എത്തിക്കുവാൻ കോട്ടയം മേഖല കുടുംബയോഗം മുൻകൈ എടുക്കുകയും ഇപ്പോഴത്തെ ഭരണസമിതി അദ്ദേഹത്തിന്റെ ഒന്നാം ചരമവാർഷികത്തിന് മുമ്പായി ഈ ചരിത്രപുസ്തകം പുറത്തിറക്കാൻ ദൃഢപ്രതിജ്ഞയെടുത്ത് അതിന്റെ വർക്കുകൾക്ക് നേതൃത്വം കൊടുക്കുകയും ചെയ്തതു കൊണ്ടാണ് ഈ പുസ്തകം ഇന്നിവിടെ പുറത്തിറക്കുവാൻ സാധിച്ചത്.

## നന്ദിയുടെ ഒരു വാക്ക്

ഈ ചരിത്രപുസ്തക രചനയിൽ നിരവധിപേരുടെ അതിതീഷ്ണമായ പരിശ്രമത്തിന്റെ വിവരങ്ങൾ കൂടിയുണ്ട്. 500 ന് മുകളിൽ കുടുംബങ്ങളുള്ള

നമ്മുടെ തോണക്കര കുടുംബത്തിന്റെ 175 - ഓളം കുടുംബങ്ങളുടെ വിവരങ്ങളെക്കുറിച്ചുള്ള അറിവേ നമുക്കുണ്ടായിരുന്നുള്ളൂ.വിവരങ്ങളില്ലാതെ എവിടെയാണെന്ന് അറിയാതെയിരുന്ന ബാക്കി കുടുബങ്ങളെക്കുറിച്ച് വിവരങ്ങളും ചരിത്രവും മനസ്സിലാക്കാൻ അഹോരാത്രം പരിശ്രമിച്ച എഡിറ്റോറിയൽ ബോർഡ് അംഗങ്ങളായ ശ്രീ. റ്റി.എ. അപ്പച്ചൻ, ശ്രീ. ജോസ്.റ്റി.ജോൺ, ശ്രീ. റ്റി.എൽ.ജോസ്, ശ്രീ. റ്റി.ഒ. ജോസഫ്, ശ്രീ. റ്റി.വി.ജോർജ്ജ് എന്നിവരേയും ഊണും ഉറക്കവും ഉപേക്ഷിച്ച് കഷ്ടപ്പാടുകൾ സഹിച്ച് ഭാഷാന്തരീകരണം നടത്തിയ ശ്രീ. റ്റി.ജെ. അബ്രഹാമിനേയും നന്ദിയോടെ ഓർക്കുന്നു.

ഈ ചരിത്ര പുസ്തകത്തിന്റെ ചിലവിലേയ്ക്കായുള്ള പണം സമാഹരിക്കുവാനായി കേരളം മുഴുവൻ ഓടി നടന്ന ഫൈനാൻസ് കമ്മറ്റി കൺവീനർ ശ്രീ. ജോസ്.റ്റി.ജോണിനെയും കമ്മറ്റി അംഗങ്ങളായ ശ്രീ. റ്റി.എൽ.ജോസ്, ശ്രീ. റ്റി.എ . അപ്പച്ചൻ, ശ്രീ. റ്റി.ജെ. അബ്രാഹം, ശ്രീ. കെ.റ്റി. ജോസഫ് (കണ്ണൂർ), ശ്രീ. ജോർജ്ജ് എടൂർ, ശ്രീ. റ്റി.ജെ. ജോസ് (കട്ടപ്പന), ശ്രീ. റ്റി.പി. സ്കറിയാ കട്ടപ്പന എന്നിവരേയും അവരോടൊപ്പം സജീവമായി ഓടിനടന്ന് പ്രവർത്തിച്ച ശ്രീ. അഗസ്റ്റിൻ വട്ടമറ്റം, ശ്രീ. റ്റി.ഒ. ജോസ്, ശ്രീ. ബെന്നി തോണക്കരപ്പാറ, ശ്രീ. ജെയ്സൺ തോണക്കര, ശ്രീ. റ്റി.വി. ജോർജ്ജ്, ശ്രീ. തോമസ് അലോഷ്യസ് എന്നിവരേയും ഈ അവസരത്തിൽ നന്ദിയോടെ സ്മരിക്കുന്നു.

ഈ കുടുംബചരിത്രം പരിപൂർണ്ണമാണ് എന്ന് ഞങ്ങൾ അവകാശപ്പെടുന്നില്ല. ഇതിൽ എന്തെങ്കിലും തെറ്റുകൾ കടന്നുകൂടിയിട്ടുണ്ടെങ്കിൽ ഞങ്ങളോട് ക്ഷമിക്കുക. നിശ്ചിത സമയത്തിനുള്ളിൽ ഫോട്ടോകൾ എത്തിച്ചുതന്ന എല്ലാവരുടെയും ഫോട്ടോകൾ പുസ്തകത്തിലുൾപ്പെടുത്താൻ ശ്രമിച്ചിട്ടുണ്ട്.അതോടൊപ്പം വിവരങ്ങൾ ശേഖരിക്കാനായി നിങ്ങളെ ഓരോരുത്തരേയും സമീപിച്ചപ്പോൾ നിങ്ങൾ കാണിച്ചുതന്ന എല്ലാ നല്ല മനസ്സിനും കുടുബചരിത്രത്തിന്റെ ചിലവിലേയ്ക്കായി പണം തന്ന് സഹായിച്ച തോണക്കരകുടുംബത്തിലെ എല്ലാ അംഗങ്ങൾക്കും ഈ പുസ്തകം അറിവിന്റെ ഒരു പനിനീർപുഷ്പമായി ഞങ്ങൾ സമർപ്പിക്കുന്നു

## കുടുംബചരിത്രം

ആദികാലം മുതൽ നദികളാലും സമതലങ്ങളാലും പർവ്വതനിരകളാലും നിറഞ്ഞ ധാതുഫലവൃക്ഷലതാധികളാൽ ധന്യമായിരുന്നു നമ്മുടെ കൊച്ചു കേരളം. ഇവിടെ പല നാട്ടുരാജാക്കന്മാരായിരുന്നു ഭരണം നടത്തിയിരുന്നത്. അന്ന് കച്ചവടത്തിനായി ധാരാളം വിദേശികളായ ഡച്ചുകാരും പോർച്ചുഗീസുകാരും കേരളത്തിൽ വരികയും രാജാക്കന്മാരുടെ അനുവാദത്തോടുകൂടി കച്ചവടം നടത്തുകയും ചെയ്തിരുന്നു. ഇതിൽ ചിലർ തിരികെ പോകുകയും മറ്റുചിലർ ഇവിടെത്തന്നെ താമസിച്ച് തങ്ങളുടെ പാരമ്പര്യം ഇവിടെ സ്ഥാപിക്കുന്നതിന് ശ്രമിച്ചിരുന്നതായി ചരിത്രരേഖകൾ ഉണ്ട്. ഇത് കേരള ചരിത്രം പരിശോധിച്ചാൽ കാണാവുന്നതാണ്. അങ്ങനെ വിദേശീയർ പണ്ടുമുതലേ

തോണക്കര കുടുംബചരിത്രം

കേരളവുമായി പായ്ക്കപ്പൽ യാത്ര സർവ്വീസ് ഉണ്ടായിരുന്നതായി ചരിത്രത്തിൽ നിന്ന് മനസ്സിലാക്കാനും അങ്ങനെ ശ്രീയേശുവിന്റെ പന്ത്രണ്ട് ശിഷ്യന്മാരിൽ ഒരാളായ വിശുദ്ധ തോമാസ്ലീഹാ കേരളത്തിൽ വന്ന് ക്രിസ്തുമതം സ്ഥാപിക്കുകയും ഇവിടുത്തെ ക്രിസ്താനികൾക്ക് പ്രാർത്ഥിക്കുന്നതിന് പള്ളികൾ സ്ഥാപിക്കുകയും ചെയ്തതായി ചരിത്രത്തിൽ കാണാം. അക്കാലത്ത് നമ്മുടെ പൂർവ്വ പിതാക്കൻമാർ മാർത്തോമാസ്ലീഹായാൽ സ്നാനപ്പെട്ട് ക്രിസ്തുമതം സ്വീകരിച്ച് ക്രിസ്താനികളായിത്തീരുകയും ചെയ്തു. ഈ കാലഘട്ടത്തിൽ അയിത്തം നിലനിന്നിരുന്നു. മുതിർന്ന പൗരന്മാർക്കും രാജാക്കന്മാർക്കും അമ്പലങ്ങളിലെ ശുദ്ധിക്കുവേണ്ടി ക്രിസ്താനികളെ ആശ്രിതരായി നിയമിച്ചിരുന്നു. ക്രിസ്ത്യാനി എണ്ണ തൊട്ടാൽ ശുദ്ധിയായി എന്നു കേട്ടിരുന്നു.

കടുത്തുരുത്തി രാജാവിന്റെ ഭരണപ്രദേശത്ത് താമസിച്ചിരുന്ന നിലപ്പനകുടുംബത്തിലെ ഒരംഗം നിലപ്പന ചുമ്മാർ, രാജാവിന്റെ, രാജസഭയിലെ പട്ടാളത്തെ പരിശിലിപ്പിക്കുന്ന പ്രധാനിയായിരുന്നു. നിലപ്പന കുടുംബത്തിലെ അംഗമായ നമ്മുടെ പൂർവ്വ പിതാവ് തന്റെ കുടുംബത്തിന്റെ സുരക്ഷിതത്വത്തിനായി അവിടെനിന്നും തൊട്ടടുത്തുള്ള ഉള്ളാട് രാജാവിന്റെ സഹായം തേടുകയും അദ്ദേഹത്തിന്റെ ആശ്രിതനായി കഴിയുകയും ചെയ്തു. ഇവർ താമസിച്ചിരുന്ന സ്ഥലത്ത് കാട്ടുജാതിക്കാരുടെ(ആദിവാസികളുടെ) ശല്യംകാരണം ജീവിക്കാൻ പറ്റാത്ത സാഹചര്യത്തിൽ ഉള്ളാട്ട് രാജാവിന്റെ ഭാര്യാഗൃഹമായ ആനിക്കാട് അമ്പഴത്തിങ്കൽ രാജാവിന്റെ ഭരണപ്രദേശമായ അമ്പഴത്തിങ്കൽ കുന്നേൽ ഭാഗത്തേക്ക് ഇവരെ മാറ്റി പാർപ്പിച്ചു. അവിടെ താമസം ആരംഭിച്ച ഈ ദമ്പതികൾക്ക് 3 ആൺമക്കൾ ജനിച്ചു. ഇതിൽ മൂത്ത പുത്രന്റെ കുടുംബശാഖയാണ് ആനിക്കാട് വയലുങ്കൽ കുടുംബം. രണ്ടാമത്തെ പുത്രന്റെ കുടുംബശാഖയാണ് പ്ലാത്തറകുടുംബം.

മൂന്നാമത്തെ പുത്രനായ ചുമ്മാർ ആനിക്കാട് അമ്പഴത്തുങ്കൽ നിന്നും തിരുനിലത്തിലേയ്ക്ക് താമസം മാറ്റി തിരുനിലം ചുമ്മാരായി അറിയപ്പെട്ടു. തിരുനിലത്തിൽ താമസമാക്കിയ ചുമ്മാർ ദമ്പതികൾക്ക് മൂന്ന് ആൺമക്കൾ ജനിച്ചു. അതിൽ ഒന്നാമത്തെ ആളിനെ ഐപ്പ് എന്നും രണ്ടാമത്തെ മകനെ ചുമ്മാർ(തോണക്കര ചുമ്മാർ) എന്നും അറിയപ്പെടുന്നു. മൂന്നാമത്തെ മകനെ കിഴക്കേക്കരപേരപ്പൻ എന്നു പറയുന്നു. ഈ പേരപ്പന് ഒരു മകൾ മാത്രമേ ഉണ്ടായിരന്നുള്ളൂ എന്നും ഈ മകളെ മീനച്ചിൽ പാഴുക്കുന്നേൽ വിവാഹം ചെയ്ത് അയച്ചെന്നും പറയുന്നു. മൂത്ത പുത്രനായ ഐപ്പിന്റെ സന്താനപരമ്പരകൾ പുളിയന്മാക്കൽ, കുപ്പമല, മൈലക്കുഴി, പറയരുതോട്ടം, ആലന്തിറ്റ്, കളപ്പുര, വടാന, തുരുത്തി, കൂവള്ളൂർ എന്നീ വീട്ടുപേരുകളിൽ ഇപ്പോൾ അറിയപ്പെടുന്നു.

രണ്ടാമത്തെ പുത്രനായ ചുമ്മാര് (തോണക്കര ചുമ്മാര്) അയർക്കുന്നം മണ്ണുംമൂട്ടിൽ നിന്നുമാണ് വിവാഹം ചെയ്തത്. മണ്ണുംമൂട്ടിൽ കുടുംബം കൂനൻകുരിശുസത്യത്തോടെയാണ് കത്തോലിക്കാ സഭയിൽ നിന്ന് യാക്കോ

ബായ സഭയിലേക്കു മാറിയത്.

ഈ ചരിത്രം കണ്ടുപിടിക്കാൻ വളരെയധികം ത്യാഗങ്ങൾ നടത്തിയ ശ്രീ. റ്റി.ജെ. അബ്രാഹം. ശ്രീ. റ്റി.വി. ജോർജ്ജ് എന്നിവരെ പ്രത്യേകം നന്ദിയോടെ ഓർക്കുന്നു.

## തലമുറവിവരണം

കടുത്തുരുത്തി നിലപ്പനയിലുള്ള ചുമ്മാരിനെ ഒന്നാം തലമുറയായി കണ്ടുകൊണ്ടാണ് നമ്മുടെ കുടുംബചരിത്രം ആരംഭിച്ചിരിക്കുന്നത്. അദ്ദേഹത്തിന്റെ മകനായ തിരുനിലം ചുമ്മാരാണ് രണ്ടാം തലമുറ. തിരുനിലം ചുമ്മാരിന്റെ രണ്ടാമത്തെ മകനാണ് തോണക്കര ചുമ്മാർ എന്നറിയപ്പെടുന്ന ചുമ്മാർ, മൂന്നാം തലമുറ. പണ്ടുകാലത്ത് അപ്പന്റെ പേര് മക്കൾക്ക് ഇട്ടിരുന്നു. അതിനാലാണ് ഒരേ പേരിൽ തലമുറ മറിഞ്ഞ് വന്നത്. ഈ തോണക്കര ചുമ്മാരിന് 4 ആൺമക്കൾ:- മത്തായി, തൊമ്മി, ചുമ്മാർ, അവിരാ. ഇവരാണ് നാലാം തലമുറക്കാർ. ഇവർക്കു ജനിച്ച 16 ആൺമക്കളാണ് അഞ്ചാം തലമുറക്കാർ. ഈ അഞ്ചാം തലമുറയിൽ തോണക്കര കുടുംബത്തിൽ ഒരു പുരോഹിതനുണ്ട് എന്ന് പറയുന്നതിൽ അഭിമാനമുണ്ട്. ആ വന്ദ്യപുരോഹിതനാണ് റവ. ഫാ. മാത്യു തോണക്കര(മത്തായിച്ചൻ). ഈ പതിനാറ് ആൺമക്കളെ 16 അദ്ധ്യായങ്ങളാക്കിയാണ് പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്.

ഈ 16 അദ്ധ്യായങ്ങളെ ഒന്നു മുതൽ നാൽപതു വരെ ഭാഗങ്ങളായി തിരിച്ചിരിക്കുന്നു. ഈ ഭാഗങ്ങൾ ആറാം തലമുറയായും, അവരുടെ മക്കളെ A,B,C - A,B,C എന്ന നമ്പറിംഗ് സംവിധാനത്തിൽ തിരിച്ചിരിക്കുന്നു-ഇത് ഏഴാം തലമുറയേയും, അവരുടെ മക്കളെ I,II,III - I,II,III എന്ന റോമൻ ലെറ്ററിൽ കാണിച്ചിരിക്കുന്നു- ഇത് എട്ടാം തലമുറയേയും, ഇവരുടെ മക്കളെ 1,2,3,4 -1,2,3,4 എന്ന സാധാരണ ലെറ്ററിംഗ് സംവിധാനത്തിൽ കാണിച്ചിരിക്കുന്നു - ഇത് ഒമ്പതാം തലമുറയേയും, അവരുടെ മക്കളെ 1 a, 1b, 1c എന്ന് കാണിച്ചിരിക്കുന്നു - ഇത് പത്താം തലമുറയേയും സൂചിപ്പിക്കുന്നു.

ചരിത്ര നിർമ്മാണത്തിൽ വന്നിട്ടുള്ള പോരായ്മകൾ നമുക്ക് അടുത്ത പതിപ്പിൽ പരിഹരിക്കാൻ ശ്രമിക്കാം. ഈശ്വരാധീനതയിലും അദ്ധ്വാനശീലത്തിലും ജ്ഞാനതൃഷ്ണയിലും അതീവശ്രദ്ധപുലർത്തിയിരുന്ന സമാരാധ്യരായ നമ്മുടെ പൂർവ്വികരുടെ സദ്ഫലങ്ങൾ നമുക്ക് ലഭിക്കാൻ ഇടവന്നതിന് ദൈവത്തിന് പ്രത്യേകം നന്ദിപറയുവാൻ നാം കടപ്പെട്ടിരിക്കുന്നു. നമ്മുടെ കുടുംബത്തിന്റെ ആരംഭം മുതൽ തന്നെ വൈദികരും സിസ്റ്റേഴ്സും നമുക്ക് ധാരാളം ഉണ്ട്. മൺമറഞ്ഞ നമ്മുടെ പൂർവ്വ വൈദികരേയും, സിസ്റ്റേഴ്സിനെയും നമുക്ക് പ്രത്യേകം അനുസ്മരിക്കാം. നമ്മുടെ പൂർവ്വപിതാക്കന്മാരുടെയും, വൈദികരുടെയും, സിസ്റ്റേഴ്സിന്റെയും ആത്മാക്കൾക്ക് അർപ്പിക്കുന്ന ബലികളിൽ നമ്മുടെ കുടുംബത്തിന്റെ ഐശ്വര്യത്തിന് വേണ്ടി അവർ



ദൈവത്തോട് ചേർന്നുതന്ന അനുഗ്രഹങ്ങൾ കാരണം ഇന്നും ധാരാളം സിസ്റ്റേഴ്സും വൈദികരും നമ്മുടെ കുടുംബത്തിലുണ്ട്. ഇനിയും ധാരാളമായ ദൈവവിളികൾ ഉണ്ടാകട്ടെ. നമ്മുടെ കുടുംബത്തിന്റെ സൽപേര് നിലനിർത്താൻ നമുക്ക് ശ്രമിക്കാം. പരമകാരുണ്യവാനായ ദൈവം നമ്മെ കാത്തുപരിപാലിക്കാനായി പ്രാർത്ഥിച്ചുകൊണ്ട് ഈ പുസ്തകം പ്രസിദ്ധീകരിക്കാൻ ഇത്രയും കാലതാമസം വന്നെങ്കിലും ഈ മോഹന സ്വപ്നമായ ഈ ചരിത്ര ഗ്രന്ഥം സഹൃദയ സമക്ഷം സമർപ്പിക്കുന്നു.

എന്ന്,

എഡിറ്റോറിയൽ ബോർഡ്

കൺവീനർ - ജോസ്.റ്റി.ജോൺ



ബനഡിക്ട് പതിനാറാമൻ മാർപാപ്പ

The Syro-Malaber
Major Archiepiscopal Curia,
Mount St. Thomas
P.B. No. 3110,
Post Box Kakkanad,
Kochi - 682 030, Kerala, India.
Ph: 0484-2424780, 2425727
Fax: 0484-2422727

**VARKEY CARDINAL VITHAYATHIL C.Ss.R.**

MAJOR ARCHBISHOP



## സന്ദേശം

പാലാ രൂപതയിലെ കൊഴുവനാൽ പ്രദേശത്തെ പുരാതന കുടുംബമായ തോണക്കര കുടുംബത്തിന്റെ ചരിത്രം പ്രസിദ്ധീകരിക്കുവാനുള്ള സംരംഭത്തെക്കുറിച്ച് അറിഞ്ഞതിൽ വളരെ സന്തോഷമുണ്ട്. ഒമ്പത് വൈദികരും നാല്പത്തിഒമ്പത് സിസ്റ്റേഴ്സും ഉള്ളതായ തോണക്കര കുടുംബത്തിന്റെ പത്തു തലമുറയിൽപ്പെട്ട അഞ്ഞൂറിൽപരം കുടുംബങ്ങളുടെ ചരിത്രം തോണക്കര കുടുംബങ്ങളുടേയും അംഗങ്ങളുടേയും പരസ്പരമുള്ള ബന്ധം ആഴപ്പെടുത്തുന്നതിന് വളരെ സഹായകമാകും എന്നതിൽ സംശയമില്ല. മാത്രമല്ല, കേരളത്തിന്റെ എല്ലാ ജില്ലകളിലും സീറോ- മലബാർ രൂപതകളിലും തോണക്കര കുടുംബാംഗങ്ങൾ വസിക്കുന്നതുകൊണ്ട് ഈ കുടുംബചരിത്രം മറ്റു കുടുംബങ്ങൾക്കും മാതൃകയും പ്രചോദനവും ആയിത്തീരുമെന്ന് ഞാൻ പ്രത്യാശിക്കുന്നു. കുടുംബം ഗാർഹിക സഭയാണ്. കുടുംബങ്ങളുടെ

കെട്ടുറപ്പും പരസ്പരമുള്ള സ്നേഹവും തീർച്ചയായും സഭയുടെ വളർച്ചയ്ക്ക് വളരെ സഹായകമായിരിക്കും. തോണക്കര കുടുംബാംഗങ്ങൾ എല്ലാവർക്കും ദൈവാനുഗ്രഹം സമൃദ്ധമായി ലഭിക്കട്ടെ എന്നാശംസിക്കുന്നു. ഇനിയും ധാരാളം ദൈവവിളികളിലൂടേയും മാതൃകാപരമായ ക്രൈസ്തവ കുടുംബജീവിതത്തിലൂടേയും തോണക്കര കുടുംബങ്ങൾ നാടിനും സഭയ്ക്കും നല്ല മാതൃകകളായിത്തീരട്ടെ എന്നു പ്രാർത്ഥിക്കുന്നു. ചരിത്രപുസ്തകത്തിന് എല്ലാവിധ വിജയങ്ങളും നേരുന്നു.

+ Varkey Vithayathil

**വർക്കി കാർഡിനൽ വിതയത്തിൽ**
സീറോ- മലബാർ സഭയുടെ
ശ്രേഷ്ഠ മെത്രാപ്പോലീത്ത

22 March 2008


Archbishop's House
P.B. No. 70,
Tellicherry
Pin-670 101
Kerala, India.
Tel: 0490-2344977 (P)
2341058 (O)
Cell: 09447386601

**MAR GEORGE VALIAMATTAM**
Metropolitan Archbishop




## ആശംസ

പാലാ രൂപതയിൽപ്പെട്ട കൊഴുവനാൽ പ്രദേശത്ത് താമസമുറപ്പിക്കുകയും പിന്നീട് ഏകദേശം അഞ്ഞൂറോളം കുടുംബങ്ങളിലായി കേരളക്കരയിലുടനീളം വ്യാപിക്കുകയും ചെയ്ത തോണക്കര കുടുംബം അത് പിന്നിട്ട വഴികളെ എന്നും അനുസ്മരിക്കുന്നതിനായി ഒരു ചരിത്ര ഗ്രന്ഥം പ്രസിദ്ധീകരിക്കുന്നു എന്നറിയുന്നതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. ഈ സംരംഭത്തിന് മുൻകൈ എടുത്ത എല്ലാവരേയും ഞാൻ ഹൃദയപൂർവ്വം അനുമോദിക്കുന്നു.

കുടുംബചരിത്രമെന്നത് തലമുറകളിലൂടെ കൈമാറിപ്പോന്ന ദൈവാനുഗ്രഹത്തിന്റെ ചരിത്രമാണ്. ദൈവത്തിന്റെ വഴികളിലൂടെ സ്നേഹത്തിലും, കൂട്ടയ്മയിലും അടിയുറച്ച ജീവിതശൈലിയുടെ ഒരു കുടുംബപരമ്പര നടന്നുനീങ്ങിയതിന്റെ ചരിത്രമാണ്. ഈ ചരിത്രത്തെ നമുക്കായി ഒരു ഗ്രന്ഥത്തിലേക്ക് സമാഹരിക്കുന്ന ഈ അവസരത്തിൽ തോണക്കര

കുടുംബത്തിന്റെ ഉന്നമനത്തിനും വളർച്ചയ്ക്കും വേണ്ടി ഉദാത്തമായ ജീവിതമാതൃക നല്കുകയും കഠിനാധ്വാനം ചെയ്യുകയും ചെയ്ത പൂർവ്വികരെ നന്ദിയോടെ അനുസ്മരിക്കാം. അവരുടെ ത്യാഗോജ്ജ്വലങ്ങളായ ജീവിത മാതൃകകളെ അടുത്തനുകരിക്കുന്നതിന് കുടുംബചരിത്ര ഗ്രന്ഥം വളരെ സഹായിക്കും എന്നതിന് സംശയമില്ല.

ദൈവവിളികളാൽ സമ്പന്നമായ തോണക്കര കുടുംബത്തിലൂടെ ദൈവം സഭയ്ക്കും സമൂഹത്തിനും നല്കിയ കൃപകളെ ഞാൻ നന്ദിയോടെ അനുസ്മരിക്കുകയും ഈ കുടുംബത്തിന്റെ ആധ്യാത്മികവും ഭൗതീകവുമായ അഭിവൃദ്ധിക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്നു. ചരിത്ര ഗ്രന്ഥ രചനയ്ക്കായി അക്ഷീണം പരിശ്രമിച്ച എല്ലാവർക്കും എന്റെ ഹൃദയം നിറഞ്ഞ അനുമോദനങ്ങൾ. തോണക്കര കുടുംബത്തിന്റെ ഈ ചരിത്രഗ്രന്ഥം ചരിത്രത്തിന്റെ വഴിത്താരകളിലൂടെ നമ്മുടെ പൂർവ്വികർക്കൊപ്പം നടന്ന ദൈവത്തിന്റെ പാദമുദ്രകളിലേയ്ക്ക് വരും തലമുറയ്ക്ക് വെളിച്ചം പകരുന്ന ഒരുത്തമവഴിവിളക്കായി പ്രശോഭിക്കട്ടേയെന്ന് പ്രാർത്ഥനാപൂർവ്വം ആശംസിക്കുന്നു.

അനുഗ്രഹാശ്ശിസ്സുകളോടെ,

[signature]

മാർ ജോർജ്ജ് വലിയമറ്റം
തലശ്ശേരി അതിരൂപതാ മെത്രാപ്പോലീത്ത

22 March 2008

Bishop's House
Idukki, Karimpan
Manipara P.O., Kerala
Pin-685 602, India
Ph: 04862-230204, 230102

**MAR MATHEW ANIKUZHIKATTIL**

Diocese of Idukki



# ആശംസ

തോണക്കര കുടുംബസമ്മേളനവുമായി ബന്ധപ്പെട്ട് ഒരു സ്മരണിക, പുസ്തകം പ്രകാശനം ചെയ്യുന്നു എന്നറിയുന്നതിൽ സന്തോഷമുണ്ട്. കൊഴുവനാൽ ഇടവകയിലെ വളരെ പുരാതനവും കുലീനവുമായ ഒരു കുടുംബമാണല്ലോ തോണക്കര കുടുംബം. വിശ്വാസത്തിലും, വിശ്വാസസംബന്ധമായ പാരമ്പര്യങ്ങളിലും അടിയുറച്ച് വിശ്വസിക്കുകയും, സാക്ഷ്യപ്പെടുത്തുകയും ചെയ്യുന്ന നിങ്ങളുടെ കുടുംബത്തിന് എല്ലാവിധ ആശംസകളും നേരുന്നു. ധാരാളം വൈദികരും സന്യാസിസന്യാസിനികളും തോണക്കര കുടുംബത്തിൽനിന്നും സഭാസേവനത്തിനുണ്ട് എന്നുള്ളത് അഭിനന്ദനീയമാണ്. ഇടുക്കി രൂപതയിൽ ബഹു.തോമസ് തോണക്കര അച്ചൻ രണ്ടു വർഷം ചെയ്ത സേവനങ്ങളെ നന്ദിയോടെ സ്മരിക്കുന്നു.

ഈ രൂപതയിൽ പല ഇടവകകളിലും തോണക്കര കുടുംബങ്ങൾ അധിവസിക്കുന്നുവെന്നത് എടുത്തു പറയേണ്ടതാണ്. അവരെല്ലാം ഇടവക വികാരിമാരുമായി നന്നായി സഹകരിച്ചും, ഇടവകകളിലെ വിവിധ പ്രവർത്തനങ്ങളിൽ പങ്കുചേർന്നും കഴിയുന്നു. തോണക്കര കുടുംബാംഗങ്ങൾക്കെല്ലാം ഈ അവസരത്തിൽ ദൈവാനുഗ്രഹം നേരുകയും, സ്മരണികയ്ക്ക് എല്ലാവിധ നന്മകളും ആശംസിക്കുകയും ചെയ്യുന്നു.

എന്ന്,

മാർ മാത്യു ആനിക്കുഴിക്കാട്ടിൽ
ഇടുക്കി രൂപതാ മെത്രാൻ

# രക്ഷാധികാരികൾ



റവ. ഫാ. ലൂക്കോസ് തോണക്കരപാറ
സി.എം.ഐ (ഭാഗം - 8.B IV)



റവ. ഫാ. ജോസഫ് തോണക്കരപാറ
ഭാഗം - 8.B III



റവ. ഫാ. അബ്രാഹം തോണക്കര
ഭാഗം - 19.E



റവ. ഫാ. ജോർജ് തോണക്കര
സി.എം.ഐ ഭാഗം - 6.B III 4



ബ്ര. ഇരണിയൂസ് തോണക്കര
ഭാഗം - 6.D

# ഈ കുടുംബത്തിലെ മൺമറഞ്ഞ വൈദികർ



റവ. ഫാ. ജോസഫ് മാമ്പുഴ
(തോണക്കര)
ഭാഗം - 21.A



റവ. ഫാ. തോമസ്
(തോണക്കര)
ഭാഗം - 11.A



റവ. ഫാ. തോമസ് മാമ്പുഴ
(തോണക്കര)
ഭാഗം - 18.A



റവ. ഫാ. തോമസ്
തോണക്കര
ഭാഗം - 17



റവ. ഫാ. മാത്യു
തോണക്കര
അദ്ധ്യായം - 5

# തോണക്കര കുടുംബത്തിലെ ബഹുമാനപ്പെട്ട സന്യാസിനികൾ



സി. ഹെലനാ
തോണക്കര
തൈവേലിക്കകത്ത്
ഭാഗം - 2.B II 2



സി. നിമിഷ
തോണക്കര
ഭാഗം - 4.A II 10



സി. എൽവി
തോണക്കര
ഭാഗം - 4.A II 11



സി. മേരി തോമസ്
തോണക്കര
ഭാഗം - 4.A VI 3



സി. ലിറ്റിൽ തെരേസ്
തോണക്കര
ഭാഗം - 6.4



സി. ഹിതാ
തോണക്കര
ഭാഗം - 6.A I 4



സി. തെരേസാ ജോർജ്
തോണക്കര
ഭാഗം - 7.4



സി. ഫ്രെഡാ
തോണക്കര
ഭാഗം - 7.B II



സി. ഗൊരേത്തി
തോണക്കരപാറ
ഭാഗം - 8.A II



സി. ബ്രിജിറ്റ്
തോണക്കരപാറ
ഭാഗം - 8.A VI



സി. ലിസി ജോസഫ്
തോണക്കരപാറ
ഭാഗം - 8.A IV 2



സി. അന്നമ്മ
തോണക്കരപാറ
ഭാഗം - 8.B V


സി. റീത്താമേരി തോണക്കര (Late)
ഭാഗം -9.B I


സി. മേഴ്സി ജോസഫ് തോണക്കര
ഭാഗം - 11.2


സി. സീനാ ജോസ് തോണക്കര
ഭാഗം -11.A III


സി. അന്നമ്മ തോണക്കര
ഭാഗം -12.A IV


സി. ലിസിയാ തോണക്കര
ഭാഗം -12.A I 10


സി. എൽസിറ്റാ തോണക്കര
ഭാഗം -12.B II 1


സി. മേരിറ്റാ തോണക്കര
ഭാഗം -12.B II 3


സി. റെജി മരിയാ
തോണക്കര വടക്കേമുറി
ഭാഗം -12.C VII


സി. ലിബേർത്താ
തോണക്കര (Late)
അദ്ധ്യായം -7.4


സി. മേരിലാൽ
തോണക്കര മാമ്പുഴക്കൽ
ഭാഗം -14.B II


സി. ജോസഫൈൻ തോണക്കര
ഭാഗം -15.1


സി. മാഗ്ദലെൻ തോണക്കര
ഭാഗം -15.2


സി. അർപ്പിതാ തോണക്കര
ഭാഗം -15. E IV


സി. സാവിയോ തോണക്കര
ഭാഗം -16. 1


സി. ഡൊമിനിക് തോണക്കര
ഭാഗം -16. 2


സി. സ്റ്റെല്ലാ
തോണക്കര മാമ്പുഴക്കൽ
ഭാഗം -21. 4


സി. ക്ലേറ്റാ തോണക്കര കിഴക്കയിൽ
ഭാഗം -22. A V


സി. റെയ്ച്ചൽ
തോണക്കര കിഴക്കയിൽ
ഭാഗം -22. A VI


സി. ജെസി
തോണക്കര കിഴക്കയിൽ
ഭാഗം -22. B III 3


സി. ലിൻസി തോണക്കര
ഭാഗം -24. A I 2


സി. ബിൻസി തോണക്കര
ഭാഗം -24. A I 3


സി. ലിസ്ബത്ത് മേരി
തോണക്കര, ഭാഗം -25. 4


സി. മഞ്ജുഷ തോണക്കര
ഭാഗം -25 B. VI


സി. ജോസിലെറ്റ് തോണക്കര
ഭാഗം -28. C II


സി. മേരി ഫെബിൻ തോണക്കര
ഭാഗം - 29.3


സി. റോണാ തോണക്കര
ഭാഗം - 33. A IV


സി. മേരി അലീനാ തോണക്കര
ഭാഗം - 35. EVIII


സി. ജോവിറ്റാ തോണക്കര
ഭാഗം - 36. 4


സി. സിസിലി തോണക്കര
ഭാഗം - 36. 5


സി. മേരി ജോസഫ് തോണക്കര
ഭാഗം - 37. 4


ഡോ. സി. ഫിലോമിനാ തോണക്കര
ഭാഗം - 37. 5


സി. ആൻസ് മേരി തോണക്കര
ഭാഗം - 38. A II


സി. ആൻസ് തോണക്കര
ഭാഗം - 39. A I


സി. എൽസിറ്റാ തോണക്കര
ഭാഗം - 40. B II


സി. മീനാ തോണക്കര
ഭാഗം - 40. B V


സി. ക്ലെയർ ജോസ് തോണക്കര
ഭാഗം - 41.3


സി. ലിസറ്റ് തോണക്കര
ഭാഗം - 41. A I

# ഭരണസമിതി

## എഡിറ്റോറിയൽ, ഫൈനാൻസ് & പബ്ലിസിറ്റി കമ്മറ്റി


റ്റി.ജെ. അബ്രാഹം തോണക്കര
എഡിറ്റർ - ഫൈനാൻസ്
& പബ്ലിസിറ്റി കമ്മറ്റി മെമ്പർ
കോട്ടയം മേഖലാ പ്രസിഡണ്ട്


റ്റി.എ. അപ്പച്ചൻ തോണക്കര വടക്കേത്
എഡിറ്റർ - ഫൈനാൻസ്
& പബ്ലിസിറ്റി കമ്മറ്റി മെമ്പർ
കോട്ടയം മേഖലാ സെക്രട്ടറി


ജോസ്. റ്റി. ജോൺ തോണക്കരപാറ
എഡിറ്റർ - ഫൈനാൻസ്
& പബ്ലിസിറ്റി കമ്മറ്റി കൺവീനർ
കോട്ടയം മേഖലാ
എക്സിക്യൂട്ടീവ് മെമ്പർ


ജോസ് റ്റി. എൽ.
തോണക്കര പുത്തൻപുരക്കൽ
എഡിറ്റർ -
ഫൈനാൻസ് & പബ്ലിസിറ്റി കമ്മറ്റി
ജോ - കൺവീനർ
കോട്ടയം മേഖലാ വൈസ് പ്രസിഡണ്ട്


റ്റി.ഒ. ജോസ് തോണക്കര
എഡിറ്റർ
കോട്ടയം മേഖലാ
എക്സിക്യൂട്ടീവ് മെമ്പർ


റ്റി.വി. ജോർജ് തോണക്കര
എഡിറ്റർ
കോട്ടയം മേഖലാ
എക്സിക്യൂട്ടീവ് മെമ്പർ



ഷാജു ജോസഫ് തോണക്കര
ഫൈനാൻസ് &
പബ്ലിസിറ്റി മെമ്പർ
മലപ്പുറം മേഖലാ സെക്രട്ടറി



റ്റി.പി. സ്കറിയാ തോണക്കര
ഫൈനാൻസ് &
പബ്ലിസിറ്റി മെമ്പർ
കട്ടപ്പന മേഖലാ സെക്രട്ടറി



റ്റി.ജെ. ജോസ് തോണക്കര
ഫൈനാൻസ് & പബ്ലിസിറ്റി മെമ്പർ
കട്ടപ്പന മേഖലാ പ്രസിഡണ്ട്



കെ.റ്റി. ജോസഫ് തോണക്കര
ഫൈനാൻസ് & പബ്ലിസിറ്റി മെമ്പർ
കണ്ണൂർ മേഖലാ പ്രസിഡണ്ട്



സി. ഡൊമിനിക്
എഡിറ്റർ



ജോർജ് എടൂർ തോണക്കര
ഫൈനാൻസ് & പബ്ലിസിറ്റി മെമ്പർ
കണ്ണൂർ മേഖലാ സെക്രട്ടറി



അലോഷ്യസ് എബ്രാഹം തോണക്കര
ഫൈനാൻസ് & പബ്ലിസിറ്റി മെമ്പർ
കോട്ടയം മേഖലാ ഖജാൻജി



# പബ്ലിസിറ്റി & ഫൈനാൻസ് കമ്മിറ്റി

കൺവീനർ : ശ്രീ. ജോസ് റ്റി. ജോൺ

ജോ. കൺവീനർ : ശ്രീ. റ്റി.എൽ. ജോസ്

കമ്മിറ്റിയംഗങ്ങൾ : ശ്രീ. റ്റി.ജെ അബ്രാഹം
*(കോട്ടയം മേഖല പ്രസിഡന്റ്)*

ശ്രീ. റ്റി.എ. അപ്പച്ചൻ
*(കോട്ടയം മേഖല സെക്രട്ടറി)*

*ശ്രീ. റ്റി.ജെ. ജോസ്*
*(ഇടുക്കി മേഖല പ്രസിഡന്റ്)*

*ശ്രീ. റ്റി.പി. സ്കറിയ*
*(ഇടുക്കി മേഖല സെക്രട്ടറി)*

*ശ്രീ. കെ.റ്റി. ജോസഫ്*
*(കണ്ണൂർ മേഖല പ്രസിഡന്റ്)*

*ശ്രീ. ജോർജ്ജ് എടൂർ*
*(കണ്ണൂർ മേഖല സെക്രട്ടറി)*

*ശ്രീ. ഷാജു ജോസഫ്*
*(മലപ്പുറം മേഖല സെക്രട്ടറി)*

# തലമുറവിവരണം

തലമുറ- 1, ചുമ്മാർ - നിലപ്പന

↓

തലമുറ- 2, ചുമ്മാർ - തിരുനിലം

↓

തലമുറ- 3, ചുമ്മാർ - തോണക്കര

↓

തലമുറ- 4, ഒന്ന് മാത്യു - രണ്ട് തൊമ്മി - മൂന്ന് ചുമ്മാർ - നാല് അവിരാ

↓

തലമുറ- 5, ഒന്നു മുതൽ 16 വരെയുള്ള അദ്ധ്യായങ്ങൾ

↓

തലമുറ- 6, ഒന്നു മുതൽ 41 വരെയുള്ള ഭാഗങ്ങൾ

↓

തലമുറ- 7, A,B,C - A,B,C

↓

തലമുറ- 8, I,II,III - I,II,III

↓

തലമുറ- 9, 1,2,3 -1,2,3

↓

തലമുറ- 10, 1a, 1b,1c - 1a, 1b,1c



1 - ാം തലമുറ ചുമ്മാർ

↓

2 - ാം തലമുറക്കാർ

↓

വയലുങ്കൽ കുടുംബശാഖ | തിരുനിലം ചുമ്മാര് | പ്ലാത്തറ കുടുംബശാഖ

3 - ാം തലമുറക്കാർ

↓

ഐപ്പ് (പുളിയന്മാക്കൽ, കുപ്പമല, മൈലക്കുഴി, പറയരുതോട്ടം, ആലന്തീറ്റ്, കളപ്പുര, വടാന, തുരുത്തി, കൂവള്ളൂർ ശാഖകൾ) | തോണക്കര ചുമ്മാര് | കിഴക്കേക്കരപേരപ്പൻ (ഒരു മകൾ)

↓

4 - ാം തലമുറക്കാർ

മാത്തു, തൊമ്മി, ചുമ്മാർ, അവിരാ

↓

5 - ാം തലമുറക്കാർ

(മാത്തു, തൊമ്മി, ചുമ്മാർ, അവിരാ എന്നിവർക്കുണ്ടായ 16 ആൺമക്കളാണ് ഒന്നുമുതൽ പതിനാറ് വരെയുള്ള അദ്ധ്യായങ്ങൾ)

↓

6 - ാം തലമുറക്കാർ

(മുകളിൽ പറഞ്ഞിരിക്കുന്ന പതിനാറ് കാരണവൻമാർക്കുണ്ടായ 41 ആൺമക്കൾ. ഇവരെ 1 മുതൽ 41 വരെയുള്ള തുടർച്ചയായ ഭാഗങ്ങളാക്കിയിരിക്കുന്നു.)

↓

7 - ാം തലമുറക്കാർ

(ഓരോ ഭാഗങ്ങളിലേയും കാരണവൻമാരുടെ മക്കളെ A,B,C - A,B,C എന്നിങ്ങനെ തിരിച്ചിരിക്കുന്നു)

↓

8 - ാം തലമുറക്കാർ

(ഒരു A,B,C യിലുള്ള കാരണവൻമാരുടെ മക്കളെ I, II,III - I, II,III എന്നിങ്ങനെ കാണിച്ചിരിക്കുന്നു.)

↓

9 - ാം തലമുറക്കാർ

(ഓരോ റോമൻ ലെറ്ററിലും കാണിച്ചിരിക്കുന്ന കാരണവൻമാരുടെ മക്കളെ 1, 2, 3 - 1, 2 ,3 എന്നിങ്ങനെ കാണിച്ചിരിക്കുന്നു.)

↓

10 - ാം തലമുറക്കാർ

(ഓരോ സാധാരണ ലെറ്ററിലും കാണിച്ചിരിക്കുന്ന കാരണവൻമാരുടെ മക്കളെ സാധാരണ ലെറ്ററിന്റെ കൂടെ 1 a, 1 b, 1 c എന്നുകൂടി ചേർത്തു കാണിക്കുന്നു.)

# അദ്ധ്യായങ്ങൾ

## മാത്തു, തൊമ്മി, ചുമ്മാര്, അവിരാ എന്നീ കാരണവൻമാർക്കായി ഉണ്ടായ 16 ആൺമക്കൾ

### ഒന്നു മുതൽ അഞ്ചു വരെയുള്ള അദ്ധ്യായങ്ങൾ മാത്തുവിന്റെ 5 മക്കളെ സൂചിപ്പിക്കുന്നു.

അദ്ധ്യായം - 1 - ചുമ്മാര് തോണക്കര തൈവേലിയ്ക്കകം
അദ്ധ്യായം - 2 - മത്തായി തോണക്കര കിഴുചിറ
അദ്ധ്യായം - 3 - ഔസേഫ് തോണക്കര തെക്കേക്കുറ്റ്
അദ്ധ്യായം - 4 - ഐപ്പ് തെക്കേതോണക്കര
അദ്ധ്യായം - 5 - മത്തായി - ഫാ.മാത്യു തോണക്കര(മത്തായിച്ചൻ)

### ആറു മുതൽ എട്ട് വരെയുള്ള അദ്ധ്യായങ്ങൾ തൊമ്മിയുടെ 3 മക്കളെ സൂചിപ്പിക്കുന്നു.

അദ്ധ്യായം - 6 - ചുമ്മാര് തോണക്കര വടക്കേമുറി
അദ്ധ്യായം - 7 - മത്തായി തേക്കേതോണക്കര
അദ്ധ്യായം - 8 - തൊമ്മി തോണക്കര മാമ്പുഴയ്ക്കൽ

### ഒമ്പതുമുതൽ പതിനൊന്നു വരെയുള്ള അദ്ധ്യായങ്ങൾ ചുമ്മാരിന്റെ 3 മക്കളെ സൂചിപ്പിക്കുന്നു.

അദ്ധ്യായം - 9 - പത്രോസ് തോണക്കര
അദ്ധ്യായം - 10 - മത്തായി (ആശാൻ പാപ്പൻ)
അദ്ധ്യായം - 11 - ഇട്ടിയേപ്പ് തോണക്കര (കുഴിപ്പള്ളിൽ)

### പന്ത്രണ്ട് മുതൽ പതിനാറ് വരെയുള്ള അദ്ധ്യായങ്ങൾ അവിരായുടെ 5 ആൺമക്കളെ സൂചിപ്പിക്കുന്നു.

അദ്ധ്യായം - 12 - കൊച്ചൗസേഫ് (തോണക്കര വടക്കത്ത്)
അദ്ധ്യായം - 13 - സ്കറിയാ തോണക്കര (കുഴിഞ്ഞമല)
അദ്ധ്യായം - 14 - അവിരാ (തോണക്കര വടക്കേമുറി)
അദ്ധ്യായം - 15 - വർക്കി തോണക്കര (തെക്കേകുന്നേൽ)
അദ്ധ്യായം - 16 - ഇറാനിമോസ് (തോണക്കര)



# ഭാഗങ്ങൾ

## അദ്ധ്യായത്തിലെ 16 കാരണവന്മാരുടെ അടുത്ത തലമുറക്കാരായ 41 മക്കൾ

ഭാഗം - 1 - മത്തായി തോണക്കര (തൈവേലിക്കകം)
ഭാഗം - 2 - ഔസേഫ് ചുമ്മാര് തോണക്കര(തൈവേലിക്കകം)
ഭാഗം - 3 - മത്തായി തോണക്കര(പാലക്കൽ)
ഭാഗം - 4 - അവിരാ തോണക്കര(കിഴുചിറ)
ഭാഗം - 5 - മത്തായി ആഗസ്തി തോണക്കര(കരിപ്പാക്കുടിയിൽ)
ഭാഗം - 6 - പൈലി തോണക്കര (കിഴുചിറ)
ഭാഗം - 7 - വർക്കി തോണക്കര(കിഴുചിറ)
ഭാഗം - 8 - മത്തായി തോണക്കരപാറേൽ
ഭാഗം - 9 - ഔസേഫ് തോണക്കര(തെക്കേക്കുറ്റ്)
ഭാഗം - 10 - ഐപ്പ് ഔസേഫ് തോണക്കര
ഭാഗം - 11 - ഐപ്പ് വർക്കി തെക്കേതോണക്കര
ഭാഗം - 12 - ഔസേഫ് തോണക്കര(വടക്കേമുറി)
ഭാഗം - 13 - കൊച്ചുമാത്തു തെക്കേതോണക്കര(തൈവേലിക്കകം)
ഭാഗം - 14 - പൈലി തോണക്കര(മാമ്പുഴക്കൽ)
ഭാഗം - 15 - കുഞ്ഞേപ്പച്ചൻ തെക്കേതോണക്കര
ഭാഗം - 16 - കുഞ്ഞവിരാച്ചൻ തെക്കേതോണക്കര
ഭാഗം - 17 - ഫാ.തോമസ് തോണക്കര(തൊമ്മിയച്ചൻ)
ഭാഗം - 18 - കൊച്ചേട്ടൻ (തൊമ്മി) തോണക്കര(മാമ്പുഴക്കൽ)
ഭാഗം - 19 - വർക്കി തോണക്കര

ഭാഗം - 20 - മത്തൻ തോണക്കര(മാമ്പുഴക്കൽ)

ഭാഗം - 21 - ജോസഫ് തോണക്കര(മാമ്പുഴക്കൽ)

ഭാഗം - 22 - കൊച്ചുപാപ്പൻ തോണക്കര(കിഴക്കേൽ)

ഭാഗം - 23 - കൊച്ചുകുഞ്ഞ്(ചാക്കോ) തോണക്കര

ഭാഗം - 24 - ചുമ്മാർ(ആശാൻ പാപ്പൻ) തോണക്കര

ഭാഗം - 25 - ചുമ്മാർ(കുഴിപ്പള്ളിൽ പാപ്പൻ) തോണക്കര

ഭാഗം - 26 - പൈലോ(കുഞ്ഞ്) തോണക്കര വടക്കത്ത്

ഭാഗം - 27 - പാപ്പൻ തോണക്കര

ഭാഗം - 28 - കൊച്ച് (ഈറാനിമോസ്) തോണക്കര വടക്കത്ത്

ഭാഗം - 29 - ഔത തോണക്കര വടക്കത്ത്

ഭാഗം - 30 - അവിരാ തോണക്കര(കുഴിഞ്ഞമല)

ഭാഗം - 31 - കൊച്ച് തോണക്കര(ഇടക്കുന്നേൽ)

ഭാഗം - 32 - ദേവസ്യാ(കുഞ്ഞുകുട്ടൻ) തോണക്കര

ഭാഗം - 33 - ഔത തോണക്കര(വട്ടമറ്റത്തിൽ)

ഭാഗം - 34 - തൊമ്മൻ വർക്കി തോണക്കര(തെക്കേക്കുന്നേൽ)

ഭാഗം - 35 - അവിരാ തോണക്കര(തെക്കേക്കുന്നേൽ)

ഭാഗം - 36 - വർക്കി വർക്കി തോണക്കര(തെക്കേക്കുന്നേൽ)

ഭാഗം - 37 - ഔത തോണക്കര(തെക്കേക്കുന്നേൽ)

ഭാഗം - 38 - അബ്രാഹം(വലിയകൊച്ച്) തോണക്കര

ഭാഗം - 39 - ഇസഹാക്ക്(ഇത്താക്ക്) തോണക്കര

ഭാഗം - 40 - ചാക്കോ തോണക്കര

ഭാഗം - 41 - മത്തൻ(ഔസേഫ്) തോണക്കര



## ഉള്ളടക്കം


ഒന്ന് മാത്തു - അദ്ധ്യായം - 1 മുതൽ 5 വരെ,
ഭാഗങ്ങൾ - 1 മുതൽ 11 വരെ

രണ്ട് തൊമ്മി - അദ്ധ്യായം - 6 മുതൽ 8 വരെ,
ഭാഗങ്ങൾ - 12 മുതൽ 21 വരെ

മൂന്ന് ചുമ്മാർ - അദ്ധ്യായം - 9 മുതൽ 11 വരെ,
ഭാഗങ്ങൾ - 22 മുതൽ 25 വരെ

നാല് അവിരാ - അദ്ധ്യായം - 12 മുതൽ 16 വരെ,
ഭാഗങ്ങൾ - 26 മുതൽ 41 വരെ